# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 02.01.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) രണ്ടു ദിവസത്തെ സന്ദർശനത്തിനായി തമിഴ്നാട്ടിലെത്തിയ ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണന് ചെന്നൈയിൽ - ഊഷ്മള വരവേൽപ്.

   Vice President C.P. Radhakrishnan received a warm welcome in Chennai as he arrived in Tamil Nadu for a two-day visit.

2) ആദ്യ ബുള്ളറ്റ് ട്രെയിൻ എന്ന രാജ്യത്തിൻറെ സ്വപ്നം - 2027 ഓഗസ്റ്റ് 15 ന് യാഥാർത്ഥ്യമാകുമെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്.

   India's dream of launching its first bullet train will become a reality by August 15, 2027, said Union Railway Minister Ashwini Vaishnaw.

3) തീവ്ര വോട്ടർപട്ടികാ പരിഷ്കരണത്തിന്റെ ഭാഗമായ ഹിയറിങ് നടപടികൾ സംസ്ഥാനത്ത് പുരോഗമിക്കുന്നതായി മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ; നിയമസഭാ തിരഞ്ഞെടുപ്പിനുള്ള ഇവിഎം, വിവിപാറ്റ് യന്ത്രങ്ങളുടെ പ്രാഥമികതല പരിശോധന നാളെ മുതൽ.

   Hearing procedures related to the intensive voter list revision are progressing in the state. Preliminary testing of EVMs and VVPATs for the Assembly elections will begin tomorrow.

4) സാമൂഹിക പരിഷ്ക്കർത്താവ് മന്നത്ത് പത്മനാഭന്, 149-ാം ജയന്തി ദിനത്തിൽ ആദരമർപ്പിച്ച് പ്രധാനമന്ത്രിയും, മുഖ്യമന്ത്രിയും ഉൾപ്പെടെയുള്ള പ്രമുഖർ.

Prime Minister Narendra Modi and Kerala Chief Minister Pinarayi Vijayan paid tribute to social reformer Mannathu Padmanabhan on his 149th birth anniversary today.

5) പതിമൂന്നാമത് ദേശീയ സരസ് മേളയ്ക്ക് പാലക്കാട് ഇന്ന് തുടക്കം.

The 13th National SARAS Fair begins today in Palakkad.

6) കനത്ത മൂടൽമഞ്ഞ് ഉത്തരേന്ത്യയിൽ ജനജീവിതത്തെ സാരമായി ബാധിക്കുന്നു. വിവിധയിടങ്ങളിൽ ട്രെയിൻ ഗതാഗതം തടസ്സപ്പെട്ടു.

Dense fog has disrupted the movement of several trains in various parts of the country due to low visibility.

************

**VP - TN VISIT**

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ രണ്ടു ദിവസത്തെ സന്ദർശനത്തിനായി തമിഴ്നാട്ടിലെത്തി. ചെന്നൈ വിമാനത്താവളത്തിൽ അദ്ദേഹത്തിന് ഊഷ്മളമായ വരവേൽപാണ് ലഭിച്ചത്. തമിഴ്നാട് ഗവർണർ ആർ.എൻ രവി, മന്ത്രി ഉദയനിധി സ്റ്റാലിൻ തുടങ്ങിയവർ ഉപരാഷ്ട്രപതിയെ സ്വീകരിക്കാൻ എത്തിയിരുന്നു. ചെന്നൈ ഡോ. എം.ജി.ആർ വിദ്യാഭ്യാസ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിൽ 34-ാമത് ബിരുദദാന ചടങ്ങിൽ ശ്രീ സി.പി രാധാകൃഷ്ണൻ ഇന്ന് പങ്കെടുക്കും. രാംനാഥ് ഗോയങ്ക സാഹിത്യ സമ്മാൻ ചടങ്ങിലും അദ്ദേഹം സന്നിഹിതനാവും. തമിഴ്നാട് ലോക് ഭവനിൽ ഉപരാഷ്ട്രപതിയ്ക്ക് പൗര സ്വീകരണവും നൽകും. നാളെ അദ്ദേഹം വെല്ലൂരിൽ ഒരു ചടങ്ങിൽ പങ്കെടുത്ത ശേഷം ചെന്നൈയിൽ നടക്കുന്ന 9-ാമത് സിദ്ധ ദിനാഘോഷത്തെ അഭിസംബോധന ചെയ്യും.

************

## PM RELICS

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിലെ റായ് പിത്തോറ സാംസ്കാരിക സമുച്ചയത്തിൽ, ബുദ്ധനുമായി ബന്ധപ്പെട്ട പിപ്രാഹ്വ തിരുശേഷിപ്പുകളുടെ അന്താരാഷ്ട്ര പ്രദർശനം ഉദ്ഘാടനം ചെയ്യും. ന്യൂഡൽഹി നാഷണൽ മ്യൂസിയത്തിന്റെയും കൊൽക്കത്ത ഇന്ത്യൻ മ്യൂസിയത്തിന്റെയും ശേഖരങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന പിപ്രാഹ്വ ചരിത്ര അവശിഷ്ടങ്ങളും പുരാ വസ്തുക്കളും ഇതാദ്യമായാണ് പ്രദർശിപ്പിക്കുന്നത്.

*************

## ASHWINI VAISHNAW (INTRO

ആദ്യ ബുള്ളറ്റ് ട്രെയിൻ എന്ന രാജ്യത്തിൻറെ സ്വപ്നം 2027 ഓഗസ്റ്റ് 15 ന് യാഥാർത്ഥ്യമാകുമെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. മുംബൈ- അഹമ്മദാബാദ് ബുള്ളറ്റ് ട്രെയിൻ പദ്ധതിയിലെ നിർണായക നാഴികക്കല്ലായി, പാൽഘറിൽ നടന്ന ഹൈ-സ്പീഡ് ടണൽ ബ്രേക്ക്ത്രൂ പരിപാടിയെ വെർച്വലായി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഏഴ് പർവത തുരങ്കങ്ങളും ഒരു കടൽ തുരങ്കവുമാണ് ബുള്ളറ്റ് ട്രെയിൻ പദ്ധതിയിൽ ഉൾപ്പെടുന്നതെന്നും മന്ത്രി അറിയിച്ചു.

(ഹോൾഡ്)

സൂറത്തിൽ നിന്ന് ബിലിമോറ വരെയും വാപ്പിയിൽ നിന്ന് സൂറത്ത് വരെയുമായിരിക്കും ബുള്ളറ്റ് ട്രെയിൻ പദ്ധതിയുടെ ആദ്യ ഘട്ടം.

*************

## WB-ECI

പശ്ചിമ ബംഗാളിൽ എസ് ഐ ആർ കരട് വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട പരാതികളുടെയും ആക്ഷേപങ്ങളുടെയും പരിശോധനാ വേളയിൽ, 2010 നു ശേഷം സംസ്ഥാന സർക്കാർ പുറത്തിറക്കിയ ഒബിസി സർട്ടിഫിക്കറ്റ് സാധുവായ വ്യക്തിത്വ രേഖയായി പരിഗണിക്കില്ലെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ. 2010 മുതൽ 2014 വരെയുള്ള കാലയളവിൽ 113 സമുദായങ്ങൾക്കായി പുറപ്പെടുവിച്ച

ഒബിസി സർട്ടിഫിക്കറ്റുകൾ കഴിഞ്ഞ ദിവസം കൽക്കട്ട ഹൈക്കോടതി റദ്ദാക്കിയതിന്റെ പശ്ചാത്തലത്തിലാണ് നടപടി.

************

## SIR

തീവ്ര വോട്ടർപട്ടികാ പരിഷ്കരണത്തിന്റെ ഭാഗമായി ഹിയറിങ് നടത്തേണ്ടവർക്ക് നോട്ടീസ് നൽകുന്ന നടപടി കേരളത്തിൽ പുരോഗമിക്കുന്നതായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസ് വൃത്തങ്ങൾ ആകാശവാണിയോടു പറഞ്ഞു. കരടു പട്ടിക പുറത്തിറക്കിയപ്പോൾ മുതൽ നോട്ടീസ് നൽകാനുള്ള നടപടികൾ ആരംഭിച്ചിരുന്നു. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ നിർദേശിച്ചിട്ടുള്ള 13 രേഖകളിലൊന്നും അതിന്റെ പകർപ്പുമാണ് ഹിയറിങ്ങിന് ഹാജരാക്കേണ്ടത്.

************

## Assembly General Election

2026-ലെ നിയമസഭാ പൊതുതിരഞ്ഞെടുപ്പിൽ ഉപയോഗിക്കുന്ന ഇവിഎം, വിവിപാറ്റ് യന്ത്രങ്ങളുടെ പ്രാഥമിക തല പരിശോധന തിരുവനന്തപുരം കളക്ടറേറ്റിൽ നാളെ മുതൽ ആരംഭിക്കും. ഫെബ്രുവരി 16 വരെയാണ് പരിശോധന.

************

## PM-HM PADMANABHAN

സാമൂഹിക പരിഷ്കർത്താവ് മന്നത്ത് പത്മനാഭൻറെ 149-ാാം ജയന്തി ഇന്ന്. പെരുന്നയിലെ എൻ എസ് എസ് ആസ്ഥാനത്ത് ജയന്തി ആഘോഷങ്ങൾ പുരോഗമിക്കുകയാണ്. സാമൂഹ്യ സേവനത്തിനായി ജീവിതം സമർപ്പിച്ച മഹത് വ്യക്തിത്വമാണ് മന്നത്ത് പത്മനാഭനെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അനുസ്മരിച്ചു. ആരോഗ്യം, വിദ്യാഭ്യാസം, സ്ത്രീ ശാക്തീകരണം തുടങ്ങിയ മേഖലകളിലെ അദ്ദേഹത്തിന്റെ അതുല്യമായ സംഭാവനകൾ പ്രചോദനാത്മകമാണെന്നും പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. തുല്യതയിലും നീതിയിലും അധിഷ്ഠിതമായി, സാമൂഹിക മൂല്യങ്ങൾ ശക്തിപ്പെടുത്തുന്നതിനായി പ്രയത്നിച്ച മഹാനായ

സാമൂഹിക പരിഷ്കർത്താവും
ദേശസ്നേഹിയുമായിരുന്നു മന്നത്ത് പത്മനാഭനെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അനുസ്മരിച്ചു. ആധുനിക കേരളത്തെ രൂപപ്പെടുത്തുന്നതിൽ നെടുനായകത്വം വഹിച്ചവരിൽ ഒരാളായിരുന്നു മന്നത്ത് പത്മനാഭനെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. വൈക്കം സത്യാഗ്രഹം വിജയകരമാക്കാൻ അദ്ദേഹം ചരിത്രപരമായ ഇടപെടൽ നടത്തിയതായും മുഖ്യമന്തി സമൂഹമാധ്യമത്തിൽ കുറിച്ചു.

************

## PATHANAMTHITTA-DJ PARTY

പത്തനംതിട്ടയിൽ ഡി. ജെ പാർട്ടിയിലെ പോലീസ് ഇടപെടലുമായി ബന്ധപ്പെട്ട് വീഡിയോ ദൃശ്യങ്ങൾ പുറത്തു വന്നതിൻറെ പശ്ചാത്തലത്തിൽ സംഭവത്തിൽ അന്വേഷണം നടത്തി നടപടി കൈക്കൊള്ളാൻ മുഖ്യമന്ത്രി പിണറായി വിജയൻ നിർദ്ദേശം നൽകി.

ക്രമസമാധാന ചുമതലയുള്ള എഡിജിപിക്കാണ് നിർദ്ദേശം. ന്യൂഇയർ ആഘോഷത്തിനിടെ ഡി.ജെ കലാകാരൻറെ ലാപ്ടോപ്പ് പോലീസ് തകർത്തതായാണ് പരാതി

************

## Chief Justice of the Kerala H C

കേരള ഹൈക്കോടതിയിലെ പുതിയ ചീഫ് ജസ്റ്റിസായി ജസ്റ്റിസ് സൗമെൻ സെൻ ചുമതലയേൽക്കും. നിലവിലെ ചീഫ് ജസ്റ്റിസ് നിതിൻ ജാംദാർ ഈ മാസം 9-ന് വിരമിക്കുന്ന ഒഴിവിലാണ് നിയമനം. നിലവിൽ മേഘാലയ ഹൈക്കോടതി ചീഫ് ജസ്റ്റിസ് ആണ് ജസ്റ്റിസ് സെൻ.

************

## SARAS -MELA (INTRO)

കുടുംബശ്രീ മിഷനും, കേന്ദ്ര ഗ്രാമവികസന മന്ത്രാലയവും സംയുക്തമായി സംഘടിപ്പിക്കുന്ന പതിമൂന്നാമത് ദേശീയ സരസ് മേളയ്ക്ക് പാലക്കാട് ചാലിശ്ശേരിയിൽ ഇന്ന് തുടക്കമാകും. വൈകുന്നേരം നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ

ഉദ്ഘാടനം നിർവഹിക്കും. നിയമസഭാ സ്പീക്കർ എ എൻ ഷംസീർ മന്ത്രിമാരായ കെ. കൃഷ്ണൻ കുട്ടി,
എം. ബി. രാജേഷ് എന്നിവർ ചടങ്ങിൽ പങ്കെടുക്കും.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്..
(വോയ്സ്)

************

## YEAR ENDER - TECHNOLOGY

ഇന്ത്യയുടെ വികസന യാത്രയിൽ നിർണായക അധ്യായം കുറിച്ച വർഷമാണ് 2025. ശാസ്ത്ര-സാങ്കേതിക മേഖലയിൽ നിർണായക മാറ്റങ്ങളിലൂടെയാണ് രാജ്യം ഇക്കാലയളവിൽ കടന്നു പോയത്. നിർമിത ബുദ്ധി രംഗത്ത് സുപ്രധാന പുരോഗതികൾക്ക് 2025 സാക്ഷ്യം വഹിച്ചു. ഇന്ത്യ എ.ഐ മിഷന് 10,000 കോടിയിലേറെ രൂപയാണ് കേന്ദ്രസർക്കാർ അനുവദിച്ചത്. സ്റ്റാൻഫോർഡ് സർവകലാശാലയുടെ 2025 ലെ ഗ്ലോബൽ എ.ഐ വൈബ്രൻസി റാങ്കിങ്ങിൽ ഇന്ത്യ മൂന്നാം സ്ഥാനത്ത് എത്തിയതും വലിയ നേട്ടങ്ങളിൽ ഒന്നാണ്. സെമികണ്ടക്ടർ മേഖലയിലും 2025 ൽ രാജ്യം കുതിച്ചു ചാട്ടമുണ്ടാക്കി. നോയിഡയിലും, ബംഗളുരുവിലുമായി രണ്ട് നാനോചിപ്പ് നിർമാണ സംവിധാനങ്ങളും മുൻ വർഷം പ്രവർത്തനം ആരംഭിച്ചു.

************

## IMD orange alert

കനത്ത മൂടൽമഞ്ഞിനെ തുടർന്ന് ഡൽഹി, പഞ്ചാബ്, ഹരിയാന, ചണ്ഡീഗഡ്, ഒഡീഷ, രാജസ്ഥാൻ എന്നിവിടങ്ങളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. ജമ്മു-കശ്മീർ, ലഡാക്ക്, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിലും മഞ്ഞുവീഴ്ചയ്ക്ക് സാധ്യതയുണ്ട്. ഡൽഹി-തലസ്ഥാന മേഖലയിൽ വായു ഗുണനിലവാരം വളരെ മോശം വിഭാഗത്തിൽ തുടരുകയാണ്. വായു ഗുണനിലവാര സൂചികയിൽ 379 ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. കനത്ത മൂടൽമഞ്ഞിനെ തുടർന്ന് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ട്രെയിൻ ഗതാഗതം

തടസ്സപ്പെട്ടു. 31 ട്രെയിനുകൾ രണ്ട് മണിക്കൂറിലധികം വൈകിയോടുന്നതായി റെയിൽവേ അറിയിച്ചു. യാത്രക്ക് മുൻപ് ട്രെയിനുകളുടെ തൽസ്ഥിതി വിവരം പരിശോധിക്കാൻ യാത്രക്കാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്

************

## NHRC

മധ്യപ്രദേശിലെ ഇൻഡോറിൽ, കുടിവെള്ളത്തിൽ മലിനജലം കലർന്ന് ഏഴ് പേർ മരിച്ച സംഭവത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ചീഫ് സെക്രട്ടറിക്ക് നോട്ടീസയച്ചു. 40-ഓളം പേരാണ് ഇതേതുടർന്ന് അസുഖബാധിതരായത്. സംഭവത്തിൽ രണ്ടാഴ്ചയ്ക്കുള്ളിൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ സ്വമേധയാ എടുത്ത കേസിൽ കമ്മീഷൻ ഉത്തരവിട്ടു.

************

## GOVT LPG

ഗാർഹിക ഉപഭോക്താക്കൾക്കുള്ള എൽപിജി സിലിണ്ടറുകളുടെ വിലയിൽ മാറ്റമൊന്നും വരുത്തിയിട്ടില്ലെന്ന് പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയം . വാണിജ്യ എൽപിജി സിലിണ്ടറുകളുടെ വില എണ്ണവിതരണ കമ്പനികൾ കഴിഞ്ഞ ദിവസം 111 രൂപ വർദ്ധിപ്പിച്ചിരുന്നു. വാണിജ്യ എൽപിജി സിലിണ്ടറുകളുടെ വില നിർണ്ണയം അന്താരാഷ്ട്ര മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണെന്നും മന്ത്രാലയം അറിയിച്ചു.

************

## Labour Code

രാജ്യത്ത് പ്രാബല്യത്തിൽ വന്ന നാല് പുതിയ ലേബർ കോഡുകളുമായി ബന്ധപ്പെട്ട കരട് ചട്ടങ്ങൾ കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തു. ഇത് സംബന്ധിച്ച എതിർപ്പുകളും അഭിപ്രായങ്ങളും പങ്കുവയ്ക്കാൻ 45 ദിവസത്തെ സമയം അനുവദിച്ചിട്ടുണ്ട്. രാജ്യത്ത് നിലനിന്നിരുന്ന ദശാബ്ദങ്ങൾ പഴക്കമുള്ള തൊഴിൽ നിയമങ്ങൾക്ക് പകരമാണ് 2025 നവംബർ 21 മുതൽ പുതിയ ലേബർ കോഡ് നിലവിൽ വന്നത്.

************

******

***